**മേശപ്പുറത്തുവയ്ക്കുന്ന കടലാസ്സുകൾ**

(1) ചട്ടം 47(2) അനുസരിച്ചുള്ള ലിസ്റ്റ് I പ്രകാരം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 41, 46, ഒൻപതാം സമ്മേളനത്തിലെ 45, 1698 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്ന മിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ക്കുവേണ്ടി താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 239, പതിനൊന്നാം സമ്മേളനത്തിലെ 209 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്ന മിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

(2) ചട്ടം 236(5) അനുസരിച്ചുള്ള ലിസ്റ്റ് II പ്രകാരം

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി ഢകകക-ന്റെ 2010-11 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന

കളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 58-ാം നമ്പർ ഖണ്ഡികയിലെ ശുപാർശയിന്മേലും ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി I-ന്റെ 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 14, 15 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേലും നടപടി സ്വീകരിക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണ മടങ്ങുന്ന സ്റ്റേറ്റ്മെന്റുകൾ.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

സാമൂഹ്യസേവനം സംബന്ധിച്ച വിഷയ നിർണ്ണയ സമിതി III-ന്റെ 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 58-ാം നമ്പർ ഖണ്ഡികയിലെ ശുപാർശ യിന്മേലും 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 46, 62 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേലും നടപടി സ്വീകരിക്കുന്നതിന് കാലതാമസം നേരിട്ടതി നുള്ള വിശദികരണമടങ്ങുന്ന സ്റ്റേറ്റ്മെന്റുകൾ.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറ ത്തുവയ്ക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി II-ന്റെ 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ

പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 1, 2, 3, 4, 5, 13, 18, 28, 29, 30, 31, 32 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന സ്റ്റേറ്റ്മെന്റ്.